"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല ഹോസ്ദുർഗ് താലൂക്ക് അമ്പലത്തറ വില്ലേജിലെ റീ.സ നമ്പർ.100/പാർട്ടിൽ എൽ.എ 76/86/അമ്പലത്തറ പ്രകാരം ശ്രീ.ഭാഗ്യകുമാർ എന്നയാൾക്ക് അനുവദിച്ചിരുന്ന ഒരേക്കർ ഭൂമി, സോളാർ പാർക്കിന് അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ടതിനാൽ, ടിയാൾക്ക് അനുവദിച്ചിരുന്ന ഒരേക്കർ ഭൂമിയുടെ പതിവ് റദ്ദ് ചെയ്യുന്നതിനും പകരമായി അതേ സർവ്വേ നമ്പരിൽ പകരം ഭൂമി അനുവദിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.249/2026/RD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:- 1) കാസർഗോഡ് ജില്ലാ കളക്ടറുടെ 25-03-2023ലെ DCKSGD/8269/2021-C1 നമ്പർ കത്ത്

2) ലാൻഡ് റവന്യൂ കമ്മീഷറുടെ 29.09.2025 തീയതിയിലെ LR/4568/2023-(J10) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നമ്പർ. 100/പാർട്ടിൽ LA 76/86/അമ്പലത്തറ പ്രകാരം ശ്രീ.ഭാഗ്യകുമാർ എന്നയാൾക്ക് അനുവദിച്ചിരുന്ന ഒരേക്കർ ഭൂമി സോളാർ പാർക്കിന് അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത കക്ഷിയ്ക്ക് പകരം ഭൂമി അനുവദിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ശ്രീ.ഭാഗ്യകുമാർ എന്നയാൾക്ക് LA 76/86/അമ്പലത്തറ പ്രകാരം പതിച്ചു നൽകിയ ഒരേക്കർ ഭൂമി പൂർണ്ണമായും സോളാർ പാർക്കിന് വേണ്ടി കൈമാറിയ ഭൂമിയിൽ ഉൾപ്പെട്ടു വരുന്നുണ്ടെന്നും അതിർത്തി തിരിച്ച് അനുഭവങ്ങൾ ഉണ്ടാക്കാതെ കിടന്ന ഭൂമികൾ സോളാർ പാർക്കിന് പാട്ടത്തിന് നൽകിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുണ്ടാകും എന്നും പകരം ഭൂമിക്കുള്ള അപേക്ഷകർക്ക് പകരമായി അനുവദിക്കാൻ സർവേ നമ്പർ 100/പാർട്ടിൽ തന്നെ ഭൂമി ലഭ്യമാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

3. പ്രസ്തുത സർവേ നമ്പരിൽ റീസർവേ നടത്തുകയോ സബ് ഡിവിഷൻ തിരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലും, ഭൂമി പതിച്ചു കിട്ടിയ ഗുണഭോക്താക്കൾ അതിർത്തി തിരിച്ച് ഭൂമി കൈവശം വയ്ക്കുകയോ, അനുഭവങ്ങൾ ഉണ്ടാക്കുകയോ ചെയ്യാത്തതിനാലും, പതിവ് ഭൂമി

തിരിച്ചറിയാൻ സാധിക്കാത്തതിനാലാണ് സോളാർ പാർക്കിന് അനുവദിച്ച ഭൂമിയിൽ പതിവ് ഭൂമി കൂടി ഉൾപ്പെട്ടു വന്നിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സോളാർ പാർക്കിന് അനുവദിക്കുന്നതിന് മുമ്പ് ശ്രീ. ഭാഗ്യകുമാർ എന്നയാൾക്ക് അമ്പലത്തറ വില്ലേജിലെ റീ.സ. നമ്പർ 100/പാർട്ടിൽ അനുവദിച്ചിരുന്ന ഒരേക്കർ ഭൂമിയുടെ പതിവ് റദ്ദ് ചെയ്യുന്നതിനും, പകരമായി അതേ സർവ്വേ നമ്പരിൽ പകരം ഭൂമി അനുവദിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ഭാഗ്യകുമാർ എന്നയാൾക്ക് LA 76/86/അമ്പലത്തറ പ്രകാരം പതിച്ചു നൽകിയ അമ്പലത്തറ വില്ലേജിലെ റീ.സ.നമ്പർ.100/പാർട്ടിൽപ്പെട്ട ഒരേക്കർ ഭൂമി, സോളാർ പാർക്കിന് അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ടതിനാൽ, ടിയാൾക്ക് അനുവദിച്ചിരുന്ന ഒരേക്കർ ഭൂമിയുടെ പതിവ് റദ്ദ് ചെയ്യുന്നതിനും പകരമായി അതേ സർവ്വേ നമ്പരിൽ പകരം ഭൂമി അനുവദിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസീൽദാർ, ഹോസ്ദുർഗ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Kumari Sindhu S
Date: 18-08-2026
15:04:52

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്